"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല- തഴക്കര ഗ്രാമപഞ്ചായത്തിൽ **2024** വർഷം കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരന് ചെലവായ അധിക തുക തനത്/പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.2063/2026/LSGD തീയതി,തിരുവനന്തപുരം, 02-11-2026

പരാമർശം:- **1.** ആലപ്പുഴ ജില്ലാ കളക്ടറുടെ **21/02/2024** ലെ **DMC4-366/2014** നമ്പർ നടപടിക്രമം

2. 19.02.2024 ലെ സ.ഉ(സാധാ)നം.**405/2024**/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

3 തഴക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ **27/08/2025** ലെ **17(1)** നമ്പർ തീരുമാനം.

4 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **18.05.2026** ലെ **LSGD/PD/13062/2026-DPLC2** നമ്പർ കത്ത്.

ഉത്തരവ്

ആലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ **2024** വർഷം വേനൽക്കാലത്ത് അതിതീവ്രമായ കുടിവെള്ള ക്ഷാമം അനുഭവപ്പെട്ട പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടറുടെ പരാമർശം **(1)** ലെ ഉത്തരവ് പ്രകാരം **5000, 10000** ലിറ്റർ ടാങ്കർ വാഹനങ്ങളിൽ കിലോമീറ്ററിന് യഥാക്രമം **64/-** രൂപ, **78/-** രൂപ എന്നീ നിരക്കുകളിൽ കുടിവെള്ള വിതരണം നടത്തുന്നതായി ശ്രീ. പി.കെ. സതീഷ് എന്നിവരെ ചുമതലപ്പെടുത്തിയതായും ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ നിർദ്ദേശാനുസരണമുള്ള **NESWA SOLUTIONS, PONNURUNNY, COCHIN** എന്ന സ്ഥാപനത്തിന്റെ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറിൽ **28/02/2024** തീയതി മുതൽ **31/03/2024** തീയതി വരെ കുടിവെള്ളം വിതരണം നടത്തിയതിന് ചെലവായ **12,99,091/-** രൂപയും, **01/04/2024** തീയതി മുതൽ **20/05/2024** തീയതി വരെ കുടിവെള്ളം വിതരണം നടത്തിയതിന് ചെലവായ **24,02,770/-** രൂപയും ഉൾപ്പെടെ ആകെ **37,01,861/-** രൂപ കരാറുകാരന് അനുവദിക്കേണ്ടതായിട്ടുണ്ടെന്നും തഴക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പരാമർശം (2) ഉത്തരവ് പ്രകാരം, കുടിവെള്ള വിതരണത്തിനായി പഞ്ചായത്തിന് അനുവദിച്ചിരുന്ന പരമാവധി തുക **31/03/2024** വരെ **6** ലക്ഷം രൂപയും, **01/04/2024** മുതൽ **31/05/2024** വരെ **12** ലക്ഷം രൂപയുമാണ്. എന്നാൽ തഴക്കര പഞ്ചായത്തിൽ പൊതുജനങ്ങൾക്ക് ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളം മാത്രമായിരുന്നു ഏക ആശ്രയം എന്ന സാഹചര്യത്തിൽ തടസ്സമില്ലാതെ കുടിവെള്ള വിതരണം തുടരേണ്ടി വരികയും തുക നിശ്ചിത പരിധി അധികരിക്കുകയുണ്ടായി എന്നും അതിനാൽ കരാറുകാരന് ആകെ നൽകാനുള്ള **37,01,861/-** രൂപയിൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം, ഇതിനോടകം **17,70,264/-** രൂപ അനുവദിച്ചതായും ആയതിൽ ബാക്കി നൽകാനുള്ള തുകയായ **19,31,597/-** രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ നൽകുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാകുന്നതിനായി **27/08/2025** ലെ **17(1)** നമ്പർ പ്രകാരം തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണം സുഗമമായി നടത്തുന്നതിനായി ചെലവായ അധിക തുകയായ **19,31,597/-** രൂപ വിനിയോഗിക്കുന്നതിന് ആവശ്യമായ അനുമതി നൽകണമെന്ന ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശുപാർശ സഹിതം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(4)** പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ തഴക്കര ഗ്രാമപഞ്ചായത്തിൽ **2024** വർഷത്തിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ പരാമർശം **(2)** ലെ സർക്കാർ ഉത്തരവിൽ നിശ്ചയിച്ചിരുന്നതിനേക്കാൾ അധികരിച്ച് ചെലവായ **19,31,597/-** രൂപ (പത്തൊൻപത് ലക്ഷത്തി മുപ്പത്തൊന്നായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റേഴ് രൂപ മാത്രം) ചെലവിന്റെ ആധികാരികത തഴക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് തഴക്കര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തഴക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ ആഡിറ്റ് II) കേരളം, തിരുവനന്തപുരം ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ **(DC2/108/2026/LSGD)**

ഉത്തരവിൻ പ്രകാരം

Digitally signed by
Shaija R M
Date: 02-11-2026
12:34:21
സെക്ഷൻ ഓഫീസർ